ന്നും കിട്ടിയ നാമനിർദ്ദേശങ്ങളുടെ സംഖ്യയും തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ സംഖ്യയും തുല്യമാണെന്നും കണ്ടിരിക്കുന്നു. അതുകൊണ്ട് നാമനിർദ്ദേശം ചെയ്യപ്പെട്ട താഴെ പറയുന്ന അംഗങ്ങളെ ലൈബ്രറി അഡൈ്വസറി കമ്മറ്റിയിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നതായി പ്രഖ്യാപനംചെയ്യുന്നു.

(1) ശ്രീ. കെ. എസ്സ്. ജോസഫ്.

(2) ശ്രീ. പി. കെ. പാഠം.

[4-30 p. m.]

Discussion under Rule 26 in respect of the answer given to Starred Question No. 18 of the 19th September 1951 regarding the Pay of Teachers

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: സർ, ഞാൻ വാദപ്രതിവാദത്തിനു സമർപ്പിച്ചിരിക്കുന്ന ഈ വിഷയം സഭയുടെ ശ്രദ്ധയെ വളരെയധികം ആകർഷിച്ചിട്ടുള്ളതാണ്. ഈസഭയിലെ പല മെമ്പറന്മാരും ഇതിനെ സംബന്ധിച്ച് ഇവിടെ ചോദ്യങ്ങൾ അയച്ചിട്ടുള്ളതാണ്. ഗവണ്മെൻറ സ്കൂളുകളിൽ നിയമിക്കുന്ന അണ്ടർഗ്രാഡ്വെറ ടീച്ചേഴ്സിനു് എല്ലാവർക്കും ഒരുപോലെയുള്ള ശമ്പളമല്ല കൊടുത്തുവരുന്നതു്. നാലുതരം സ്കെയിലുകൾ അണ്ടർഗ്രാഡ്വെറ ടീച്ചേഴ്സിനു് നിലവിലിരിക്കുന്നതായി കാണുന്നു. 1951-വരെ പ്രൈമറി ടീച്ചേഴ്സിനു് 30—2—60 രൂപായായിരുന്ന ശമ്പളം. 1951-ൽ ആ ശമ്പളം 30 രൂപായായി, ഒരു ബേസിക് ശമ്പളമായി മാറി. എന്നാൽ അതേ സമയത്തു് മിഡിൽസ്കൂൾ അദ്ധ്യാപകന്മാർക്കു് 40—2—50 വ.വരെയുള്ള ഒരു സ്കെയിലുണ്ടായിരുന്നു. ആ സ്കെയിലിൽ യാതൊരു ഭേദഗതിയും ഉണ്ടായില്ല. മിഡിൽ സ്കൂളുകളിലെ അണ്ടർഗ്രാഡ്വെറ അദ്ധ്യാപകന്മാർ പ്രൈമറി അദ്ധ്യാപകന്മാരേക്കാൾ പലപ്പോഴും കുറവു ശമ്പളം പറ്റിക്കൊണ്ടിരുന്നു. എനിക്കു് ആദ്യമായി പറയുവാനുള്ളതു് പ്രൈമറി സ്കൂൾ ടീച്ചേഴ്സിന്റെ ശമ്പളം മാറിയപ്പോൾ എന്തുകൊണ്ടു് 40—2—50 സ്കെയിലിൽ ഇരിക്കുന്ന മിഡിൽ സ്കൂൾ ടീച്ചേഴ്സിന്റെ ശമ്പളത്തിൽ മാറ്റം വരുത്തിയില്ലഎന്നുള്ള സംഗതിയാണു്. ഈ മിഡിൽ സ്കൂളുകളിൽ ഇപ്പോൾ പുതിയ മിഡിൽസ്കൂളിൽ 40—2—50 വരെയുള്ള സ്കെയിൽ നിലവിലിരിക്കുന്നുണ്ടു്. അതുപോലെയുള്ള പഴയ മിഡിൽ സ്കൂളിൽ ജോലി ചെയ്യുന്ന അണ്ടർഗ്രാഡു വെറ ടീച്ചേഴ്സിനു് 30—1½ 60, പാ വരെയുള്ള സ്കെയിൽ നിലവിലുണ്ടു്. ഈ രണ്ടുകൂട്ടരും പഠിപ്പിക്കുന്ന വിഷയം ഒന്നാണു്. എന്നിട്ടും 30—1½ 60 വരെയുള്ള സ്കെയിൽ ഒരുകൂട്ടർക്കും ഒരുകൂട്ടർക്ക 40—2—50 വരെയുള്ള സ്കെയിലും കൊടുക്കുന്നതു് ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. ഇങ്ങനെയുള്ള വ്യത്യാസം അവരുടെ ശമ്പളത്തിൽ വച്ചിരിക്കുന്നതു് ആക്ഷേപാർഹമാണു്. അതിനെസംബന്ധിച്ചു് ഇവിടെ ചോദ്യങ്ങൾ ചോദിക്കുമ്പോൾ അതു് ഇവിടെ നിലവിലിരിക്കുകയായിരുന്നു, അതു തുല്യപ്പെടുത്തുന്നതിനു് ആലോചിച്ചുകൊണ്ടിരിക്കുകയാണു് എന്നാണു് ഗവണ്മെൻറ മറുപടി പറയുന്നതു്. ഇങ്ങനെ എപ്പോഴും ഇതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരുന്നാൽ ഈ പാവപ്പെട്ട അദ്ധ്യാപകന്മാർ എങ്ങനെയാണു് ഇക്കാലത്തു് ഈ ഉച്ചമായ ശമ്പളം കൊണ്ടു് ജീവിക്കുന്നതു് എന്നു ഞാൻ ചോദിക്കുന്നു. അവർക്കു് അത്യാവശ്യമായിട്ടുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിനു് ഈ ശമ്പളം ഒട്ടും മതിയാകുന്നില്ല. അതുകൊണ്ടു ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞു് ഈ കാര്യം നീട്ടിക്കൊണ്ടുപോകുന്നതു് ഒരിക്കലും സഹിക്കത്തക്കതല്ല. നമ്മുടെ ഭരണഘടനയിൽതന്നെ പറയുന്ന തുല്യമായ ജോലിക്കു തുല്യ ശമ്പളം കൊടുക്കുന്നതിനുവേണ്ട ഏർപ്പാടു ചെയ്യണമെന്നു ആണു്.

LIBRARY ARCHIVES Kerala Legislative Assembly

[Sri. Rhapael J. Rodrigues]

പിന്നെ ഒന്നുള്ളതു് ൨൨—൨൬ വു ശ്രേപാ സ്കെയിൽ ശമ്പളത്തിൽ മിഡിൽ സ്കൂളിലേക്കു മാറ്റി നിയമിക്കപ്പെട്ടുന്ന പ്രൈമറി അദ്ധ്യാപകന്മാക്കു് അവരുടെ ശമ്പളം ഭേദപ്പെടുത്തി ൨൫ ശ്രേപാ കൊടുക്കാമെന്നു് ഉത്തരവുണ്ടായി. ഈ ഉത്തരവു ഉണ്ടായതു് ഫൻ ൪൭—ൽ ആണെന്നാണു് തോന്നുന്നതു്. ആ ഉത്തരവു് അനുസരിച്ചു് എല്ലാവക്കും ൨൫ ശ്രേപാ ശമ്പളം കൊടുത്തു. എന്നാൽ ഫെബ്രുവരി മാസത്തിൽ വേറെ ഒരു ഓർഡർ ഉണ്ടായി, അങ്ങനെയല്ലാ ശമ്പളം കൊടുക്കേണ്ടതെന്നു്. ആദ്യത്തെ ഓർഡർ അനുസരിച്ചു് ൨൨—൨൬ വു ഗ്രേഡിൽ ൨—൦, ൩—൦, ഇൻക്രിമെന്റു അവരിൽ പലരും വാങ്ങിച്ചിരുന്നു. ൨൨—൨൬ വു ഗ്രേഡിൽ ൨൫ ശ്രേപാ വാങ്ങുന്നവക്കു് നാലു കൊല്ലം കഴിഞ്ഞാലേ ഇൻക്രിമെന്റു കൊടുക്കാൻ പാടുള്ളൂ എന്നാണു് പുതിയ ഓർഡറിൽ പറയുന്നതു്. ൨൫ ശ്രേപാ വാങ്ങിയിരുന്നവർ ഇൻക്രിമെന്റു് വാങ്ങിയിട്ടുണ്ടെങ്കിൽ ആ സംഖ്യ മടക്കി അടക്കണമെന്നാണു് പറയുന്നതു്. ഇവക്കു് കൂടുതൽ കൊടുത്തു എന്നു പറയുന്ന തുക ഇപ്പോൾ മടക്കി കൊടുക്കണം എന്നു പറഞ്ഞാൽ അവർ അതു് എങ്ങനെ കൊടുക്കും. ഇതു് വളരെ ഗാഢമായി ആലോചിക്കേണ്ട ഒരു സംഗതിയാണു്. ഇതിനെപ്പറ്റി ദയവായി ആലോചിച്ചു് ഒരു ഉത്തരവു് ഉണ്ടാകണം. അതുപോലെ മിഡിൽസ്കൂൾ അദ്ധ്യാപകന്മാരിൽ ഒരു വിഭാഗംപേക്കു് ൩൦—൩൭ ശ്രേപാ സ്കെയിൽ കൊടുത്തിരിക്കുന്ന നിലയ്ക്കു് ൨൨—൨൬ വു സ്കെയിലിൽ ഇരിക്കുന്നവക്കും അതുപോലെ ഒരു സ്കെയിൽ കൊടുക്കണം. ഏതായാലും ഗവണ്മെന്റു ചെയ്തുപോയ ആ തെറ്റു തിരുത്തുന്നതിനു് കാലതാമസം വരുത്തുവാൻ പാടില്ല. അതോടുകൂടി വേറെയൊന്നു പറയാനുള്ളതു് ൨൫ ശ്രേപാ ആക്കിയതിനുശേഷം കൂടുതൽ ഇൻക്രിമെന്റു വാങ്ങിച്ചിട്ടുള്ള ആളുകളോടു് അതു് മടക്കി അടയ്ക്കുവാൻ പറയരുതു് എന്നാണു്. വേഗത്തിൽ നടപ്പിൽ വരുത്തുമെന്നു പറയുന്ന ശമ്പള പരിഷ്കാരം ഒരു യാഥാർത്ഥ്യമാകുന്നതുവരെയും അവരെ ഉപദ്രവിക്കരുതെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. അങ്ങനെയാണെങ്കിൽ ഗവണ്മെന്റിനു നഷ്ടംകൂടാതെയും ഈ പാവപ്പെട്ട അദ്ധ്യാപകന്മാക്കു് വലിയ ബുദ്ധിമുട്ടു കൂടാതെയും കാര്യം ശരിപ്പെടുത്താവുന്നതാണു്. ഈ വക സംഗതികളാണു് എനിക്കു് പ്രധാനമായി ഗവണ്മെന്റിനെ ഉൽബോധിപ്പിക്കുവാനുള്ളതു്.

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി): സർ, ഈ സംഗതിയെപ്പറ്റി പല ദിവസങ്ങളിലായി ഇവിടെയുണ്ടായ ചോദ്യോത്തരവേളയിൽ പല വിവരങ്ങളും പറഞ്ഞിട്ടുണ്ടു്. അദ്ധ്യാപകന്മാരുടെ ശമ്പളത്തിന്റെ കാര്യത്തിൽ പല വ്യത്യാസങ്ങളും ഇന്നു് നിലവിലുണ്ടു്. പ്രത്യേകിച്ചു് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പുതിയ മിഡിൽ സ്കൂളുകളിലേയും പഴയ മിഡിൽ സ്കൂളുകളിലേയും അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ വ്യത്യാസമുണ്ടു്. അതു തുല്യരീതിയിൽ ആക്കുന്നതിനു് ഗവണ്മെന്റു നടപടി എടുത്തുവരുന്നുണ്ടു്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു ഇങ്ങനെ ആലോചിച്ചിരുന്നാൽ പോരാ. ഇതിനു് ഒരു പരിഹാരം ഉണ്ടാക്കണമെന്നു്. പരിഹാരമാർഗ്ഗം ആലോചിക്കുക മാത്രമല്ല അതിനു് നടപടിയും എടുത്തുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ ഇൻക്രിമെന്റിന്റെ കാര്യത്തിലും എന്താണു് ചെയ്യേണ്ടതെന്നു് ഗവണ്മെന്റു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്. ഇവിടെയുണ്ടായ ചോദ്യോത്തരവേളയിൽ അതിനെക്കുറിച്ചുള്ള വിവരങ്ങളും ഞാൻ പറഞ്ഞിട്ടുണ്ടു്. പ്രൈമറിസ്കൂളിലെ അടിസ്ഥാനശമ്പളമായ ൨൫ ശ്രേപാ വാങ്ങിയിരിക്കുന്ന അദ്ധ്യാപകൻ മിഡിൽ സ്കൂളുകളിലേയ്ക്കു് പ്രമോഷൻ കിട്ടിവരുമ്പോൾ ൨൨—൨൬ വു ശ്രേപാ സ്കെയിലിൽ പ്രവേശിക്കുന്നു. ൨൫ ശ്രേപാ വാങ്ങിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകന്മാക്ക് ഫ ഫ—ഫ വ ഗ്രേഡിൽ നാല കൊല്ലത്തേയ്ക്ക് ഇൻക്രിമെൻറ് കൊടുക്കരുതെന്നാണ് ഇപ്പോഴത്തെ നിയമം. ഈ റൂൾസിന്റെ ഇംപ്ലിക്കേഷൻസ് മനസ്സിലാക്കാതെ ചില അദ്ധ്യാപകന്മക്ക് ഇൻക്രിമെൻറ് കൊടുത്തുപോയിട്ടുണ്ട്. അതുതു മടക്കി വാങ്ങിക്കുന്നതിനു കല്പനയുമായിട്ടുണ്ട്. എന്നാൽ ഇങ്ങനെ സംഭവിച്ചിരിക്കുന്ന വിഷമാവസ്ഥ പരിഹരിക്കുന്നതിനു എന്താണു ചെയ്യേണ്ടതെന്നകാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണു. ഒരു തരത്തിലുള്ള ജോലി ചെയ്യുന്ന അദ്ധ്യാപകന്മാക്ക് രണ്ടു തരത്തിലുള്ള ശമ്പളം വച്ചിരിക്കുന്നതു പഴയകാലത്തെ ചില നടപടികൊണ്ടുമൂലമാണു. ആ വൈഷമ്യം പരിഹരിക്കുന്നകാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു. അതിനു നടപടികൊണ്ട എടുക്കുന്നതിനും ഗവണ്മെൻറ് ശ്രമിക്കുന്നുണ്ട്. പൊതുവെ പറയുകയാണെങ്കിൽ ഇങ്ങനെ വ്യത്യസ്ഥനിലയിലുള്ള ശമ്പളവും അലവൻസുമെല്ലാം തുല്യരീതിയിലാക്കി പരിഷ്കരിക്കുനതിനു ഗവണ്മെൻറ് നടപടികൊണ്ട എടുത്തുകൊണ്ടിരിക്കുകയാണെന്നു ബഹുമാനപ്പെട്ട മെമ്പറെ ഞാൻ ധരിപ്പിക്കുന്നു.

The Assembly adjourned at 4-44 p. m. to meet again at 11 a. m. on Thursday the 27th September 1951.

V. KRISHNAMOORTHI.

Secretary to the Legislative Assembly.

APPENDIX I

*Plese see answer to Question No. *229 (8)*

NOTIFICATION

At present different scales of diet are prescribed in the Medical Institutions in the Travancore-Cochin areas. With a view to bring about uniformity in the Diet Scales, Government in supersession of all previous orders fixing diet scale to inpatients in the several Medical Institutions of the State of Travancore-Cochin, have been pleased to fix the following diet scales to inpatients in all medical institutions with a provision of 8 or more beds. In places where the number of beds is below eight, rice alone as per the new diet scale will be issued to those patients who can find it convenient to arrange their cooking. This scale will not affect the diet scales prevailing in the Tuberculosis, Leprosy and Mental Hospitals.

The new Diet Scale will come into effect from 3rd June 1951. Issue of diet to new Institutions under this arrangement will commence as soon as the preliminary arrangements are completed.

Diet Scale for the Travance-Cochin Hopitals

Diet No. 1	*Full Diet*
Rice	12 ozs.
Dhall	2 ,,
Vegetables	4 ,,
Curry Powder	1/4 ,,
Tamarind	1/2 ,,
Cocoanut oil	1/2 ,,

LIBRARY ARCHIVES Kerala Legislative Assembly